എന്നു വിളിക്കപ്പെടുന്ന ഒരു സ്ഥലത്തു എത്തിച്ചേരുമെന്നു ബൈബിൾ പഠിപ്പിക്കുന്നു. ആ സമയം വളരെ അടുത്തെത്തിയിരിക്കുന്നു. വിശ്വാസികളുടെ സ്വർഗാരോഹണം മെയ് 21, 2011 ൽ നടക്കുമെന്നും, ലോകത്തിന്റെ നിലനിൽപ്പിന്റെ അന്ത്യം ഒക്ടോബർ 21, 2011 ൽ ആയിരിക്കും എന്നും ഉള്ളതിനു അനേകം തെളിവുകൾ ബൈബിളിലുണ്ട്. (Time Has An End), “നാം ഏകദേശം അവിടെ എത്താറായി” (We Are Almost There) എന്ന സൗജന്യ പുസ്തകങ്ങൾക്കായി ഫാമിലി റേഡിയോവിനെ സമീപിക്കുക. ഇവ ലോകാവസാനത്തിന്റെ സമയവിവരങ്ങളെക്കുറിച്ചും, അന്ത്യവിധി ദിവസത്തിന്റെ പ്രകൃതത്തെക്കുറിച്ചും നിരവധി വിവരങ്ങൾ നൽകുന്നു.

*എന്റെ കോപത്താൽ തീ ജ്വലിച്ചു പാതാളത്തിന്റെ ആഴത്തോളം കത്തും; ഭൂമിയെയും അതിന്റെ അനുഭവത്തെയും ദഹിപ്പിച്ചു പർവ്വതങ്ങളുടെ അടിസ്ഥാനങ്ങളെ കരിച്ചുകളയും. ഞാൻ അനർത്ഥങ്ങൾ അവരുടെമേൽ കുന്നിക്കും; എന്റെ അസ്ത്രങ്ങൾ അവരുടെ നേരെ ചെലവിടും. അവർ വിശപ്പുകൊണ്ടു ക്ഷയിക്കും; ഉഷ്ണരോഗത്തിന്നും വിഷവ്യാധിക്കും ഇരയാകും. മൃഗങ്ങളുടെ പല്ലും പന്നഗങ്ങളുടെ വിഷവും ഞാൻ അവരുടെ ഇടയിൽ അയക്കും.*

**ആവർത്തനപുസ്തകം 32 ഃ 22,23,24**

*കല്പനപ്രമാണിക്കുന്നവന്നു ഒരു ദോഷവും സംഭവിക്കയില്ല; ജ്ഞാനിയുടെ ഹൃദയം കാലത്തെയും ന്യായത്തെയും വിവേചിക്കുന്നു. സകലകാര്യത്തിന്നും കാലവും ന്യായവും ഉണ്ടല്ലോ; മനുഷ്യന്റെ അരിഷ്ടത അവന്നു ഭാരമായിരിക്കുന്നു.*

**സഭാപ്രസംഗി 8 ഃ 5,6**

**ചോ 4. ഓ. അതു വെറുതേ! തീർച്ചയായും കാര്യങ്ങൾ അത്രമാത്രം മോശമല്ല. മനുഷ്യനെ നശിപ്പിക്കും, ഭൂമിയെ എരിച്ചു കളയും എന്നൊന്നും ദൈവം വാസ്തവത്തിൽ അർത്ഥമാക്കുന്നില്ല, ഉവ്വോ?**

ഉ. 5 മാസക്കാലത്തോളം, ഈ ലോകത്തെ അക്ഷരാർത്ഥത്തിൽ നരകതുല്യമാക്കുമെന്നും, ആ സമയത്തു ജീവിച്ചിരിക്കുക ഭയങ്കരമായിരിക്കും എന്നും തീർച്ചയായും ദൈവം അർത്ഥമാക്കുന്നു. പിന്നെ ദൈവം, ഈ ഭൂമിയെയും അതിലുള്ള സകല പണികളെയും അഗ്നിയാൽ എരിച്ചു നശിപ്പിക്കും.

*അവരെ കൊല്ലുവാനല്ല, അഞ്ചുമാസം ദണ്ഡിപ്പിപ്പാനത്രേ അതിന്നു അധികാരം ലഭിച്ചതു; അവരുടെ വേദന, തേൾ മനുഷ്യനെ കുത്തുമ്പോൾ ഉള്ള വേദന പോലെ തന്നേ.*

**വെളിപ്പാട് 9 ഃ 5**

*നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തു പോകയും ചെയ്യും.*

**2 പത്രോസ് 3 ഃ 10**

*ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.*

**വെളിപ്പാട് 20 ഃ 15**

*അങ്ങനെ തന്നേ ലോകാവസാനത്തിൽ സംഭവിക്കും: ദൂതന്മാർ പുറപ്പെട്ടു നീതിമാന്മാരുടെ ഇടയിൽ നിന്നു ദുഷ്ടന്മാരെ വേർതിരിച്ചു തീച്ചൂളയിൽ ഇട്ടു കളയും; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും.*

**മത്തായി 13 ഃ 49, 50**

*. . . ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടു കൂടെ ആശ്വാസവും പകരം നല്കുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ.*

**2 തെസ്സലോനിക്യർ 1 ഃ 6,7,8**

**ചോ 5. അത് ഭയങ്കരം! ദൈവം എന്തിനു മനുഷ്യനെ നശിപ്പിക്കുന്നു?**

ഉ. കാരണം ദൈവം മനുഷ്യനെ സൃഷ്ടിച്ചത് അവന്റെ പ്രവർത്തികൾക്കു ദൈവത്തോടു കണക്കേൽപ്പിക്കണം എന്ന വ്യവസ്ഥയിലാണ്. ദൈവത്തിന്റെ പരിപൂർണമായ നിയമം പാപത്തിനുള്ള പരിഹാരം നൽകണം എന്ന് അനുശാസിക്കുന്നു.

*ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു,*

**റോമർ 3 ഃ 23**

*പാപത്തിന്റെ ശമ്പളം മരണമത്രേ;*

**റോമർ 6 ഃ 23**

**ചോ 6. ഏത്ര ഭയങ്കരം? വിനാശത്തിൽ നിന്നും ഒരു വ്യക്തിക്കു രക്ഷ നേടുന്നതിനു ബൈബിൾ എന്തെങ്കിലും പ്രതീക്ഷ നൽകുന്നുണ്ടോ?**

ഉ. ഉവ്വ്, തീർച്ചയായും തരുന്നുണ്ട്. നമ്മുടെ പാപങ്ങൾക്കുള്ള കയ്പ്പേറിയതും, നിന്ദാപൂർവ്വകവുമായ വിനാശം ചുമലിൽ ഏൽക്കാനായി നമുക്കു പകരം നിൽക്കാൻ ഒരുവനുണ്ട്, ഒരു പ്രതിപുരുഷൻ. ആ ഒരുവൻ സ്വയം ദൈവം തന്നെയാണ്. അവൻ രക്ഷിക്കാനുദ്ദേശിച്ച എല്ലാവർക്കും വേണ്ടി ദൈവകോപത്തിന്റെ കാഠിന്യം അനുഭവിക്കാൻ ഈ ഭൂമിയിൽ അവതരിച്ച അവൻ യേശുക്രിസ്തുവാകുന്നു.

*നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി.*

**യെശയ്യാവ് 53 ഃ 6**

*എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിന്നായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൌഖ്യം വന്നുമിരിക്കുന്നു.*

**യെശയ്യാവ് 53 ഃ 5**

*ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴു ത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴു ന്നേറ്റു കേഫാവിനും പിന്നെ പന്തിരുവർക്കും*
*പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതുതന്നേ നിങ്ങൾക്കു ആദ്യമായി ഏൽപ്പിച്ചുതന്നുവല്ലോ.*

**1 കൊരീന്ത്യർ 15 ഃ 3, 4, 5**

*പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കു വേണ്ടി പാപം ആക്കി.*

**2 കൊരീന്ത്യർ 5 ഃ 21**

**ചോ 7. ക്രിസ്തു എന്റെ പാപങ്ങൾക്കുള്ള ശിക്ഷ എൽക്കുന്നവൻ, അതായത് എനിക്കു പകരം നിൽക്കുന്ന പ്രതിപുരുഷനെന്നാണോ നിങ്ങൾ പറയുന്നത്, അപ്പോൾ ഞാൻ നശിപ്പിക്കപ്പെടും എന്നു വിഷമിക്കേണ്ട കാര്യമില്ലല്ലൊ?**

ഉ. ഉവ്വ്, അതു ശരിയാണ്. ഞാൻ രക്ഷ പ്രാപിച്ചാൽ, ക്രിസ്തു എനിക്കു പകരം നിന്നുകൊണ്ട് എന്റെ പാപങ്ങൾക്കു പരിഹാരം നൽകിയിരിക്കും.

*പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളു.*

**യോഹന്നാൻ 3 ഃ 36**

**ചോ 8. പക്ഷെ അവനിൽ വിശ്വസിക്കുക എന്നാൽ അതിന്റെ അർത്ഥം എന്താണ്? ക്രിസ്തു രക്ഷകനാണെന്നു ബൈബിളിൽ പറയുന്നതെല്ലാം ഞാൻ സമ്മതിച്ചാൽ എന്നെന്നേക്കും നാശത്തിൽ നിന്നും ഞാൻ മോചനം നേടുമോ?**

ഉ. ക്രിസ്തുവിൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥം, ബൈബിളിലെ സത്യങ്ങളെ മാനസികമായി സമ്മതിക്കുന്നതിൽ നിന്നൊക്കെ വളരെ വിപുലമാണ്. അതിന്റെ അർത്ഥം ഞാൻ സമ്പൂർണബൈബിളിനെ ദൈവത്തിന്റെ നിയമപുസ്തകമാണെന്നു കരുതി മുന്നോട്ടു വരുന്നു എന്നാണ്. എനിക്കു തുടർന്നും ബൈബിളിലെ സകല കൽപ്പനകളും അനുസരിക്കാനുള്ള ആത്മാർത്ഥമായ ഒരഭിലാഷം ഉണ്ടായിരിക്കും എന്നും അതിനു അർത്ഥമുണ്ട്. അങ്ങനെ, ദൈവം ബൈബിളിൽ കൂടി നിർദ്ദേശിക്കുന്ന വിധത്തിൽ ജീവിക്കുന്നതിൽ എനിക്കു വാസ്തവത്തിൽ ആഹ്ലാദമുള്ളതായി ഞാൻ കാണും.

*അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്നു അതിനാൽ അറിയുന്നു.*

**1 യോഹന്നാൻ 2 ഃ 3**

**രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല;** *അങ്ങനെ ചെയ്താൽ ഒരുത്തനെ പകെച്ചു മറ്റവനെ സ്നേഹിക്കും, അല്ലെങ്കിൽ ഒരുത്തനോടു പറ്റിച്ചേർന്നു മറ്റവനെ നിരസിക്കും; നിങ്ങൾക്കു ദൈവത്തെയും മാമോനെയും സേവിപ്പാൻ കഴികയില്ല.*

**മത്തായി 6 ഃ 24**

**ചോ 9. ക്രിസ്തുവിൽ കൂടിയല്ലാതെ എനിക്കു ആ നാശത്തിൽ നിന്നും രക്ഷ നേടാൻ യാതൊരു വഴിയുമില്ല എന്നാണോ നിങ്ങൾ പറയുന്നത്? അപ്പോൾ മറ്റുള്ള മതങ്ങളോ? അവ പിന്തുടരുന്നവരും നശിപ്പിക്കപ്പെടുമോ?**

ഉ. ഉവ്വ്. തീർച്ചയായും. നമ്മുടെ പാപങ്ങൾക്കു നാം ഉത്തരം പറയേണ്ടിവരും എന്ന വസ്തുതയിൽ നിന്നും മോചനം ലഭിക്കാൻ അവർക്കു കഴിയില്ല. നാം നമ്മുടെ പാപങ്ങൾക്കു പരിഹാരം നൽകണം എന്നു ദൈവം ആവശ്യപ്പെടുന്നു. യേശുക്രിസ്തുവിന്റെ നാമം ഉപയോഗിക്കുന്ന മതങ്ങൾ ഉൾപ്പെടെ മറ്റുള്ള ഒരു മതങ്ങൾക്കും അവ പിന്തുടരുന്നവരുടെ പാപഭാരം വഹിക്കാൻ അവർക്കു പകരം ഒരു പ്രതിപുരുഷനെ നൽകാൻ കഴിയുകയില്ല. നമ്മെ രക്ഷിക്കാൻ വേണ്ടി നമ്മുടെ കുറ്റങ്ങളും, നിന്ദയും ചുമലിലേൽക്കാൻ കഴിയുന്ന ഒരുവൻ ക്രിസ്തു മാത്രം. അതുകൊണ്ട് ഒരുവൻ അവന്റെ മതം ഉപേക്ഷിച്ചു ബൈബിൾ വിശ്വസിക്കാൻ മുന്നോട്ടു വരണം.

*ദൈവം ഒരുവനല്ലോ; ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശുതന്നേ.*

**1 തീമോഥെയോസ് 2 ഃ 5, 6**

*മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല.*

**അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ 4 ഃ 12**

*യേശു അവനോടു: ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.*

**യോഹന്നാൻ 14 ഃ 6**

**ചോ 10. ഇപ്പോൾ ഞാൻ ആശയറ്റവനായിരിക്കുന്നു. നശിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. രക്ഷ പ്രാപിക്കാനായി എനിക്ക് എന്തു ചെയ്യാൻ കഴിയും?**

ഉ. നിങ്ങളുടെ രക്ഷക്കായി നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ദൈവത്തിനു മാത്രമേ നിങ്ങളെ രക്ഷിക്കാൻ കഴിയൂ എന്നു ബൈബിൾ നമ്മോടു പറയുന്നു. അവൻ രക്ഷ നൽകാൻ ഉദ്ദേശിക്കുന്നവരുടെ ഹൃദയത്തിൽ ദൈവ വചനം (ബൈബിൾ) പ്രയോഗിച്ച്, ദൈവം അവന്റെ ശക്തി വൈഭവമുള്ള, അമാനുഷികമായ രക്ഷ പ്രദാനം ചെയ്യുന്നു. അതിശയകരമായ ആ രക്ഷ, അതു ലഭിച്ച വ്യക്തിയുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന ഫലം അവനു ദൈവത്തെയും, ബൈബിളിനെയും സ്നേഹിക്കാനുള്ള വ്യഗ്രതയാണ്. ഇപ്പോൾ ദൈവത്തിന്റെ നിയമപുസ്തകം, ബൈബിൾ, അനുസരിക്കുമ്പോൾ അയാൾ അങ്ങേയറ്റം ആഹ്ലാദഭരിതനാകുന്നു. രക്ഷ പ്രാപിക്കാനായി ഒരു വ്യക്തി വാസ്തവത്തിൽ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അയാൾ ബൈബിൾ ശ്രദ്ധാപൂർവ്വം വായിക്കാനും, ശ്രവിക്കാനും കൂടുതൽ സമയം ചെലവഴിക്കണം.

*ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു.*

**റോമർ 10 ഃ 17**

*കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു.*

**എഫെസ്യർ 2 ഃ 8**

*തുയത്തൈരാപട്ടണക്കാരത്തിയും രക്താംബരം വില്ക്കുന്നവളുമായി ലുദിയാ എന്നു പേരുള്ള ദൈവഭക്തയായോരു സ്ത്രീ കേട്ടു കൊണ്ടിരുന്നു. പൌലൊസ് സംസാരിച്ചതു* (പൌലൊസ് അപ്പോസ്തലൻ അവളിലേക്കു സുവിശേഷം കൊണ്ടുവരികയായിരുന്നു) *ശ്രദ്ധിക്കേണ്ടതിന്നു കർത്താവു അവളുടെ ഹൃദയം തുറന്നു.*

**അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ 16 ഃ 14**

**ചോ 11. നിങ്ങൾ തുടരെ ബൈബിളിൽ നിന്നും ഉദ്ധരിക്കുന്നു. ബൈബിൾ എന്തും മാത്രം പ്രധാനമാണ്?**

ഉ. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട പുസ്തകം ബൈബിളാണ്. കാരണം മനുഷ്യരാശിക്കു വേണ്ടിയുള്ള ദൈവത്തിന്റെ നിയമപുസ്തകം അതാണ്. ബൈബിൾ വായിക്കുകയും, ശ്രവിക്കുകയും ചെയ്യുന്നതുകൊണ്ട് ദൈവത്തിനു രക്ഷ നൽകാൻ കഴിയുന്ന സ്ഥാനത്തേക്ക് ഒരു വ്യക്തി സ്വയം അവനെ ഉയർത്തുന്നു, ആ വ്യക്തിക്കു രക്ഷ നൽകുന്നത് ദൈവഹിതം ഉണ്ടെങ്കിൽ മാത്രം. അതിലുപരി അയാൾ ദൈവത്തെക്കുറിച്ചും, അവന്റെ രക്ഷാപദ്ധതിയെക്കുറിച്ചും, ദൈവകോപത്തിന്റെ കാഠിന്യത്തെക്കുറിച്ചും, പല അതിശയകരവും അത്ഭുതാവഹവുമായ കാര്യങ്ങൾ മനസ്സിലാക്കുന്നു. ഫലത്തിൽ അയാൾ കേൾക്കുന്നത് ദൈവത്തിന്റെ തന്നെ ശബ്ദമാണ്. കാരണം ദൈവമാണ് ബൈബിളിന്റെ ഗ്രന്ഥകർത്താവ്. അതിനാൽ ദൈവം അവന്റെ വചനത്തിൽ കൂടി (ബൈബിൾ) അയാളോടു സംസാരിക്കുന്നു.

*യഹോവയുടെ ന്യായപ്രമാണം തികവുള്ളതു; അതു പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു; അതു അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു.*

**സങ്കീർത്തനങ്ങൾ 19 ഃ 7**

*യഹോവയുടെ ന്യായപ്രമാണം അനുസരിച്ചു നടപ്പിൽ നിഷ്കളങ്കരായവർ ഭാഗ്യവാന്മാർ.*

**സങ്കീർത്തനങ്ങൾ 119 ഃ 1**

*ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും* (ബൈബിൾ) *വരുന്നു.*

**റോമർ 10 ഃ 17**

*ഈ പ്രവചനത്തിൻെറ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ; സമയം അടുത്തിരിക്കുന്നു.*
**വെളിപ്പാട് 1 ፧ 3**

**ചോ 12. ദൈവത്തിനു എന്നോടു കരുണയുണ്ടാകാനും, എന്നെ രക്ഷിക്കാനും വേണ്ടി എനിക്കു പ്രാർത്ഥിക്കാൻ കഴിയുമോ?**
ഉ. തീർച്ചയായും, ഉവ്വ്. ദൈവം അത്യന്തം കൃപാലുവാണ്. അതുകൊണ്ട്, പാപികളായതിനാൽ നാം അർഹിക്കുന്നത് ദൈവകോപത്തിന്റെ കാഠിന്യമാണെന്നു സമ്മതിച്ചുകൊണ്ട്, നമുക്കു അവന്റെ കൃപയ്ക്കായിട്ടും, രക്ഷക്കായിട്ടും യാചിക്കാനും, കേണപേക്ഷിക്കാനും കഴിയും; നാം അതിനായി പ്രാർത്ഥിക്കണം. അതു നമ്മെ രക്ഷിക്കുന്നില്ല; പക്ഷേ നമുക്കു രക്ഷ പ്രാപിക്കാനുള്ള അതിയായ അഭിലാഷമുണ്ടെന്നുള്ള കാര്യം ദൈവത്തിനറിയാം എന്നുറപ്പാക്കാം.
*ചുങ്കക്കാരനോ ദൂരത്തുനിന്നുകൊണ്ടു സ്വർഗ്ഗത്തേക്കു നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു: ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകേണമേ എന്നു പറഞ്ഞു.*
**ലൂക്കോസ് 18 ፧ 13**

**ചോ 13. ഞാൻ ഒരു പള്ളിയിൽ പങ്കെടുക്കണോ?**
ഉ. തീർച്ചയായും വേണ്ട. ക്രിസ്തു കുരിശിൽ മരിച്ചശേഷം ഏകദേശം 2000 വർഷങ്ങളോളം ക്രിസ്തുവിൽ വിശ്വസിക്കുന്നവർ, അവർക്കു കഴിയുമെങ്കിൽ, ഏതെങ്കിലും ഒരു പള്ളിയിൽ അംഗമാകണം എന്നു ബൈബിൾ നമ്മോടു പറയുന്നു. പക്ഷെ ഇനിയും മേലാൽ ദൈവം പള്ളികളുടെ സുവിശേഷ പ്രസ്ഥാനത്തിലൂടെ ജനങ്ങളെ രക്ഷിക്കുന്നില്ല എന്നും ബൈബിളിൽ നിന്നു തന്നെ നാം മനസ്സിലാക്കുന്നു. പള്ളികളുടെ കാലഘട്ടം കഴിഞ്ഞു. സത്യവിശ്വാസികൾ പള്ളികൾ വിട്ടു പുറത്തു പോകണം എന്ന വസ്തുത ദൈവം അവന്റെ നിയമപുസ്തകത്തിൽ കൂടി (ബൈബിൾ) നമ്മോട് ആജ്ഞാപിക്കുന്നു അതിനു കാരണം, വിധിദിവസത്തിനായി ദൈവം ലോകത്തെ തയ്യാറാക്കുന്ന ഈ സമയത്തു ദൈവത്തിന്റെ നീതിപൂർവ്വകമായ വിധി പ്രാദേശിക സഭകളുടെ മേൽ വരുന്നു എന്നതാണു.
*എന്നാൽ ദാനിയേൽ പ്രവാചകൻ മുഖാന്തരം അരുളിചെയ്തതു പോലെ ശൂന്യമാകുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്തിൽ നില്ക്കുന്നതു കാണുമ്പോൾ- വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ - അന്നു യെഹൂദ്യയിലുള്ളവർ* (പ്രാദേശിക സഭകൾ) *മലകളിലേക്കു* (ക്രിസ്തുവിങ്കലേക്ക്)*ഓടിപ്പോകട്ടെ.*
**മത്തായി 24 ፧ 15, 16**
*ന്യായവിധി ദൈവഗൃഹത്തിൽ* ( പ്രാദേശിക സഭകൾ) *ആരംഭിപ്പാൻ സമയമായല്ലോ. അതു നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും?*
**1 പത്രോസ് 4 ፧ 17**
ഒരു പള്ളിയോ, പാതിരിയോ, പുരോഹിതനോ നമ്മെ രക്ഷിക്കാൻ കഴിയില്ല. അഥവാ വെള്ളത്തിൽ സ്നാനം ഏൽക്കുന്നതിനാലോ കൂദാശ കൊണ്ടോ അതു കഴിയില്ല എന്നു നാം ഓർക്കണം. ദൈവം തന്നെയായ കർത്താവായ യേശുക്രിസ്തുവിനു മാത്രമേ നമ്മെ രക്ഷിക്കാൻ കഴിയൂ. ഈ വർത്തമാന കാലത്തിൽ നാം സമയാവസാനത്തിനോട് എറ്റവും സമീപിച്ചിരിക്കുന്ന ഇത്തരുണത്തിൽ ദൈവം പള്ളികൾക്കു പുറത്തു ഒരു വൻപുരുഷാരത്തെ രക്ഷിക്കുന്നു എന്നു ബൈബിൾ പറയുന്നു.
*ഇതിന്റെ ശേഷം സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലും നിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നില്ക്കുന്നതു ഞാൻ കണ്ടു.*
**വെളിപ്പാട് 7 ፧ 9**
ഫാമിലി റേഡിയോവിൽ നിന്നും, സൗജന്യ പുസ്തകങ്ങളായ The End of the Church Age and After, Wheat and Tares എന്നീ പുസ്തകങ്ങൾ യാതൊരുവിധ വിലയോ, കരാർ ബാധ്യസ്ഥതകളോ കൂടാതെ നിങ്ങൾക്കു ലഭിക്കുന്നു. നാം പള്ളികളുടെ കാലത്തിന്റെ അന്ത്യത്തിൽ എത്തിയിരിക്കുന്നു എന്നു കാണിക്കുന്ന ബൈബിളിൽ ഉള്ള അനേകം വിവരങ്ങൾ ഈ പുസ്തകങ്ങൾ തരുന്നു.

**ചോ 14. ദൈവം എങ്ങനെ ജനങ്ങളെ രക്ഷിക്കുന്നു എന്നു സദയം എന്നോടു പറയുക.**
ഉ. ദൈവം മാത്രമാണു നമ്മുടെ രക്ഷക്കുള്ള സർവ്വകർമ്മങ്ങളും ചെയ്യുന്നത് എന്നതിനുള്ള ഉത്തമ ഉദാഹരണം യോഹന്നാൻ അദ്ധ്യായം 11 ൽ ബൈബിൾ നൽകുന്നു. മരിച്ച് നാലു ദിവസം കഴിഞ്ഞ ലാസർ എന്ന മനുഷ്യനെ ക്രിസ്തു വീണ്ടും ജീവിപ്പിച്ചു. ലാസറിന്റെ കല്ലറക്കു പുറത്തു നിന്നുകൊണ്ട് ക്രിസ്തു ആജ്ഞാപിച്ചു, "*ലാസരേ, പുറത്തു വരിക*". ദുർഗന്ധം വമിച്ചു കല്ലറയിൽ കിടക്കുന്ന ഒരു മൃതശരീരത്തിനു അവൻ പറഞ്ഞതു കേൾക്കാനോ, അതനുസരിക്കാനോ കഴിയില്ല എന്നത് സ്പഷ്ടമാണെല്ലോ.
എങ്കിലും ലാസർ ക്രിസ്തുവിന്റെ കൽപ്പന കേട്ടു, ഒരു ജീവനുള്ള വ്യക്തിയായി കല്ലറക്കു പുറത്തു വന്നു. അതെങ്ങനെ സംഭവിച്ചു? അതിന്റെ അർത്ഥം മരിച്ച ലാസറിനോടു പുറത്തുവരാനായി യേശു ആജ്ഞാപിച്ചപ്പോൾ, സ്വയം ദേഹിയായി യേശു കല്ലറയിൽ പ്രവേശിക്കുകയും, ദുർഗന്ധം വമിച്ചു തുടങ്ങിയ ആ ശവശരീരത്തിനു ശ്രവിക്കാൻ കാതുകളും, കൽപ്പന അനുസരിക്കാനുള്ള ശക്തിയും മറ്റുമുള്ള ഭൗതീക ജീവിതം നൽകി എന്നുള്ളതാണ്.
രക്ഷ പ്രാപിക്കുന്നതിനു മുമ്പ് ആത്മീയമായി നാം മരിച്ചവരാണു എന്നു ബൈബിൾ നമ്മോടു പറയുന്നു. എന്നാലും ദൈവത്തെ അന്വേഷിക്കാനും, വിശ്വസിക്കാനും, മാനസാന്തരപ്പെടാനും ദൈവം നമ്മോടു കൽപ്പിക്കുന്നു. എങ്ങനെയായാലും, കല്ലറക്കു പുറത്തു വരാനുള്ള യേശുവിന്റെ കൽപ്പന അനുസരിക്കുന്നത് മരിച്ച ലാസറിനു അസാധ്യം എന്നതുപോലെ, ആത്മീയമായി മരിച്ച ഏതൊരു വ്യക്തിക്കും രക്ഷക്കായി യേശുവിൽ വിശ്വസിക്കുക എന്ന ദൈവകൽപ്പന അനുസരിക്കുന്നത് അസാധ്യമാണ്.
*എന്നെ അയച്ച പിതാവു ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും.*
**യോഹന്നാൻ 6 ፧ 44**

അതുപോലെതന്നെ ദൈവം രക്ഷിക്കാൻ പദ്ധതി ഇട്ടിരിക്കുന്നവർക്കു രക്ഷ നൽകാനായി അവരോടു വിശ്വസിക്കാനും, മാനസാന്തരപ്പെടാനും പറയുമ്പോൾ അവൻ സംസാരിക്കുന്നത് ഒരിക്കലും രക്ഷ ലഭിക്കാൻ കഴിയാത്ത, ആത്മീയമായി മൃതതുല്യരായവരോടാണ്. എങ്കിലും യേശുവിനെ രക്ഷകനായി വിശ്വസിക്കുവാൻ തുടങ്ങുന്നവരുണ്ട്. ദൈവഹിതം പ്രവർത്തിക്കുമ്പോൾ അവർ എറ്റവും സന്തുഷ്ടരാകുന്നു എന്ന് അവർ അറിയുന്നു. എന്തായാലും അവർ രക്ഷ നേടി എന്നതിനുള്ള തെളിവ് അവരുടെ ജീവിതം തന്നെയായിരിക്കും. ദൈവം വിശ്വസിക്കാൻ അവർക്കു കൽപ്പന നൽകിയതിനാൽ മാത്രമാണ് അതു സാധ്യമായത്. ദൈവം അവരുടെ ജീവിതങ്ങളിൽ പ്രവേശിച്ചു അവർക്കു രക്ഷ നൽകുന്നു. അവൻ അവർക്കു രക്ഷ നൽകിയതുമൂലം യേശുവിനെ വിശ്വസിക്കുന്നതായി അവർ കാണുന്നു. പാപം അസഹനീയമായിത്തീർന്നു എന്നും അവർ കാണുന്നു. രക്ഷ പ്രാപിക്കുന്നതിനു ദൈവമാണ് അവരെ തിരഞ്ഞെടുത്തതെന്നു തെളിയുന്നു. സുവിശേഷം ശ്രവിച്ചു തുടങ്ങിയപ്പോൾ ദൈവം അവരുടെ ജീവിതങ്ങളിൽ വചനം പ്രയോഗിച്ചു അവർക്കു രക്ഷ നൽകുന്നു. നിങ്ങൾക്കു രക്ഷ കിട്ടിയില്ലെങ്കിൽ ശുഷ്കാന്തിയോടെ ബൈബിൾ ശ്രവിച്ചു തുടങ്ങുക. ശ്രദ്ധാപൂർവ്വം പ്രാർത്ഥനയോടുകൂടി ബൈബിൾ വീണ്ടും വീണ്ടും പാരായണം ചെയ്യുക. ദൈവത്തിന്റെ നിയമപുസ്തകം, ബൈബിൾ, നിങ്ങളെ മാടിവിളിക്കുമ്പോൾ ഒരുപക്ഷെ നിങ്ങൾക്കു രക്ഷ ലഭിച്ചേക്കാം.
*യഹോവയുടെ ന്യായം പ്രവർത്തിക്കുന്നവരായി ഭൂമിയിലെ സകല സൌമ്യന്മാരുമായുള്ളോരേ, അവനെ അന്വേഷിപ്പിൻ; നീതി അന്വേഷിപ്പിൻ; സൌമ്യത അന്വേഷിപ്പിൻ; പക്ഷെ നിങ്ങൾക്കു യഹോവയുടെ കോപദിവസത്തിൽ മറഞ്ഞിരിക്കാം.*
**സെഫന്യാവ് 2 ፧ 3**

**നിങ്ങൾ എത്ര മോശമായ നിലയിൽ ജീവിച്ചിരുന്നു എന്നോ എത്ര നികൃഷ്ടമായ പാപങ്ങൾ ചെയ്തിട്ടുണ്ടെന്നോ ഉള്ളതിൽ കാര്യമില്ല, ദൈവത്തിന്റെ കാരുണ്യത്താൽ രക്ഷ നൽകാനായി നിങ്ങളും തിരഞ്ഞെടുക്കപ്പെടാൻ പരിപൂർണ സാധ്യതയുണ്ട്.**

സർവ്വവും അവൻ ഇച്ഛിക്കുന്ന സമയത്തു ദൈവം ചെയ്യുന്നു എന്നോർക്കുക. അതുകൊണ്ട്, തുടർന്നും നിങ്ങൾ ബൈബിളിൽ നിന്നും പഠിക്കുമ്പോൾ ക്ഷമാപൂർവ്വം കർത്താവിനെ കാത്തിരിക്കുക.

*യഹോവയുടെ രക്ഷെക്കായി മിണ്ടാതെ കാത്തിരിക്കുന്നതു നല്ലതു.*
**വിലാപങ്ങൾ 3 ፧ 26**
*എന്റെ രക്ഷയും എന്റെ മഹിമയും ദൈവത്തിന്റെ പക്കൽ ആകുന്നു; എന്റെ ഉറപ്പുള്ള പാറയും എന്റെ സങ്കേതവും ദൈവത്തിങ്കലാകുന്നു. ജനമേ എല്ലാകാലത്തും അവനിൽ ആശ്രയിപ്പിൻ; നിങ്ങളുടെ ഹൃദയം അവന്റെ മുമ്പിൽ പകരുവിൻ; ദൈവം നമുക്കു സങ്കേതമാകുന്നു.*
**സങ്കീർത്തനങ്ങൾ 62 ፧ 7, 8**

**ദൈവത്തിനു നിങ്ങളിൽ കൃപയുണ്ടായിരിക്കട്ടെ, അന്ത്യവിനാശത്തിൽ നിന്നും നിങ്ങളെ രക്ഷിക്കുമാറാകട്ടെ.**

സുവിശേഷ പ്രക്ഷേപണങ്ങളെക്കുറിച്ചുള്ള സൗജന്യ ഗൈഡ്, മറ്റു സൗജന്യ പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവക്കു എഴുതുക:

**Family Radio, Oakland, CA 94621 USA**

**E-mail:international@familyradio.com**

ഇന്റർനെറ്റിൽ ഞങ്ങളുടെ വിലാസം
**http://www.familyradio.com**

*ഫാമിലി റേഡിയോ ഒരു പള്ളികളോടും സമ്പർക്കമില്ലാത്ത ഒരു കൃസ്ത്യൻ സുവിശേഷ പ്രക്ഷേപണ സ്ഥാപനം.*

*MALAYALAM 02-09*

# ദൈവം നിങ്ങളെ സ്നേഹിക്കുന്നുണ്ടോ?

**ചോ 1. ദൈവം എന്നെ സ്നേഹിക്കുന്നുണ്ടോ എന്നു ചിലപ്പോഴൊക്കെ ഞാൻ അതിശയിക്കുന്നു. അവൻ സ്നേഹമുള്ള ദൈവമാണെങ്കിൽ എന്തുകൊണ്ടാണു ലോകത്തിൽ ഇത്രമാത്രം ക്ലേശങ്ങളും, ദുഖവും?**
ഉ. ക്ലേശങ്ങൾക്കും, ദുഖത്തിനും കാരണം നമ്മുടെ പാപങ്ങളാണെന്നു ദൈവം ബൈബിൾ എന്നു വിളിക്കുന്ന അവന്റെ പുസ്തകത്തിൽ വിശദമാക്കുന്നു. ബൈബിളിൽ നിന്നും മിക്കപ്പോഴും ഉദ്ധരിക്കപ്പെടുന്ന ഒരു വാക്യം നാം വായിക്കുമ്പോൾ, മുഴുവൻ ലോകത്തോടുമുള്ള സ്നേഹം ദൈവം വെളിപ്പെടുത്തുന്നു എന്നതു സത്യമാണ്.
*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നല്കുവാൻ തക്കവണ്ണം* (ആ വിധത്തിൽ) *ലോകത്തെ സ്നേഹിച്ചു.*
**യോഹന്നാൻ 3 ፧ 16**
(* ബ്രായ്ക്കറ്റിലുള്ള ( ) വാക്കുകൾ വിശദീകരണത്തിനു വേണ്ടി ചേർത്തിരിക്കുന്നു.)

എന്നിരുന്നാലും, ദൈവത്തിനു ഇനിയും പറയാനുണ്ട്፧
*ദുഷ്ടന്മാരുടെ വഴി യഹോവെക്കു വെറുപ്പു; എന്നാൽ നീതിയെ പിന്തുടരുന്നവനെ അവൻ സ്നേഹിക്കുന്നു.*
**സദൃശവാക്യങ്ങൾ 15 ፧ 9**
*യഹോവ നീതിമാന്മാരുടെ വഴി അറിയുന്നു; ദുഷ്ടന്മാരുടെ വഴിയോ നാശകരം ആകുന്നു.*
**സങ്കീർത്തനങ്ങൾ 1 ፧ 6**

**ചോ 2. പക്ഷെ ഞാൻ ദുഷ്ടനല്ല. ഞാൻ മാന്യനും, സന്മാർഗിയുമായ വ്യക്തിയാണ്. ഞാൻ എന്തെങ്കിലും കൊള്ളരുതാത്ത കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും, എന്റെ ജീവിതത്തിൽ ഞാൻ ചെയ്ത നല്ല പ്രവർത്തികൾക്കു തൂക്കം കൂടും. ഈ വാക്യങ്ങൾ എനിക്ക് ഏതുവിധത്തിൽ ബാധകമാകാൻ കഴിയും?**
ഉ. ദൈവത്തിന്റെ നീതിയുടെ നിലവാരത്തിൽ നിന്നു നോക്കിയാൽ, ഏറ്റവും സന്മാർഗിയായ വ്യക്തിയും നരകത്തിന്റെ പാതയിൽ മുന്നേറുന്ന ഗതികെട്ട പാപിയായിരിക്കും. സ്വർഗം പ്രാപിക്കാൻ തക്കവണ്ണം ആരും നല്ലവനല്ല എന്നു ബൈബിൾ പഠിപ്പിക്കുന്നു. മറിച്ച് നാമെല്ലാം പാപികളാണ്, ദൈവത്തിന്റെ മുന്നിൽ കുറ്റവാളികളാണ്.
*നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല.* ഗ്രഹിക്കുന്നവൻ ഇല്ല, ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല.
**റോമർ 3 ፧ 10 , 11**
*ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളതു; അതു ആരാഞ്ഞറിയുന്നവൻ ആർ?*
**യിരെമ്യാവ് 17 ፧ 9**
*ചിലപ്പോൾ ഒരുവഴി മനുഷ്യന്നു ചൊവ്വായി തോന്നും; അതിന്റെ അവസാനമോ മരണവഴികൾ അത്രേ.*
**സദൃശവാക്യങ്ങൾ 14 ፧ 12**

**ചോ 3. ദൈവദൃഷ്ടിയിൽ ഞാൻ അത്തരം ഒരു ദുഷ്ട വ്യക്തിയാണെങ്കിൽ, ദൈവം എന്നോടെന്തു ചെയ്യും?**
ഉ. ലോകാവസാനത്തിൽ, ദൈവത്തിന്റെ അന്തിമ ശിക്ഷ അനുഭവിക്കാനായി എല്ലാ ദുഷ്ടന്മാരും ഭൂമിയിൽ നരകം